..PATCHED
On..08/06/20..

29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2314(4)/2012/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.14653/SIC-Gen 2/2012**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി. ശബരീശൻ,
ഹെൽത്ത് ഇൻസ്പെക്ടർ,
അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ,
അമ്പലപ്പുഴ, ആലപ്പുഴ ജില്ല.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ ആരോഗ്യ കേന്ദ്രം,
ചുങ്കത്തറ,
മലപ്പുറം ജില്ല – 679 333.

2. അപ്പീൽ അധികാരി &
മെഡിക്കൽ ഓഫീസർ,
ചുങ്കത്തറ സാമൂഹ്യ ആരോഗ്യ കേന്ദ്രം,
മലപ്പുറം ജില്ല – 679 333.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ മലപ്പുറം ചുങ്കത്തറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ SPIOയായ ഒന്നാം എതിർകക്ഷിക്ക് 03.04.2012ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി. അപ്പീൽ ഹർജിക്കാരന്റെ ആർജിതാവധി സറണ്ടർ ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ചോദിച്ചിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് 29.11.12ൽ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ എതിർകക്ഷികളോട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് എതിർകക്ഷികൾ 17.12.12ൽ കമ്മീഷന് റിപ്പോർട്ട് നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"ഈ ഓഫീസിൽ രണ്ടു ക്ലാർക്കുമാരാണുള്ളത്. അതിൽ ഒരു ക്ലാർക്ക് ശ്രീമതി സൂസമ്മ സെബാസ്റ്റ്യൻ 11.04.2012 മുതൽ 23.07.2012 വരെ അവധിയിലായിരുന്നു. ആയതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകൾ പരിശോധിച്ച് നൽകാൻ ജോലിത്തിരക്കു മൂലം സാധിക്കാത്തതിനാൽ, അപേക്ഷകനോട് നേരിട്ട് ഓഫീസിൽ വന്ന് രേഖകൾ പരിശോധിക്കാമെന്നും, ആവശ്യമുള്ള രേഖകളുടെ പകർപ്പ് എടുത്ത് നൽകാമെന്നും അറിയിക്കുകയുണ്ടായി. അപേക്ഷകന് വിവരം

നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. പിന്നീട് അപ്പീലധികാരിയുടെ നിർദ്ദേശ പ്രകാരം, പ്രസ്തുത വിവരങ്ങൾ അപേക്ഷകന് നൽകുകയുണ്ടായി.''

3. എതിർകക്ഷിയുടെ മറുപടിയിൽ നിന്ന്, അപ്പീൽ ഹർജിക്കാരന് മറുപടി ലഭിച്ചു കഴിഞ്ഞതായി കമ്മീഷൻ കരുതുന്നു. ഇനിയും ടിയാന് പരാതിയുണ്ടെങ്കിൽ, അക്കാര്യം കമ്മീഷനെ അറിയിക്കുന്ന പക്ഷം, ആയത് ഒരു പരാതി ഹർജിയായി പരിഗണിച്ചു തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

4. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION

gk.